പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6513 08.11.2016 - ൽ മറുപടിയ്ക്ക്

## അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ.വി.ആർ.സുനിൽ കുമാർ :<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി. : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്ത് നേത്രദാനത്തിൽ ഗണ്യമായ പുരോഗതിയുണ്ടായാൽ അന്ധരുടെ എണ്ണം കുറയ്ക്കാൻ കഴിയുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ മരണാനന്തരമുള്ള നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ ബോധവല്ക്കരണം നടത്തുമോ; വ്യക്തമാക്കുമോ; | (ബി) മരണാനന്തരമുള്ള നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ബോധവല്ക്കരണം നടത്താറുണ്ട്. സഞ്ചരിക്കുന്ന നേത്രരോഗ വിഭാഗം (Mobile Ophthalmic Unit) ഐ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. അവിടെ ബോധവല്ക്കരണ ക്ലാസുകൾ നടത്താറുണ്ട്. നേത്രദാന സമ്മതപത്രം എല്ലാ ക്യാമ്പുകളിലും വിതരണം ചെയ്യുകയും അവ തിരിച്ച് സമർപ്പിക്കുകയും ചെയ്യാറുണ്ട്. എല്ലാ വർഷവും ആഗസ്റ്റ് 25 മുതൽ സപ്തംബർ 8 വരെ ദേശീയ അന്ധത നിവാരണത്തിന്റെ ഭാഗമായി നേത്രദാന പക്ഷാചരണം നടത്താറുണ്ട്. അതുവഴി ബോധവല്ക്കരണ ക്ലാസുകളും പൊതുയോഗങ്ങളും റേഡിയോ പ്രഭാഷണം മുതലായവ സംഘടിപ്പിക്കാറുണ്ട്. Eye donation counselor-മാർ പല വാർഡുകളിലും, അത്യാഹിത വിഭാഗം, മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് നേത്രദാനത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവല്ക്കരണം നടത്താറുണ്ട്. കൂടാതെ നേത്രദാനത്തിന്റെ മഹത്വം ബോദ്ധ്യപ്പെടുത്തുന്നതിനായി സുനയനം എന്ന ടെലി ഓഫ്താൽമോളജി യൂണിറ്റ് തിരുവനന്തപുരം കണ്ണാശുപത്രിയിൽ പ്രവർത്തിച്ച് വരുന്നു. |

(സി) പൂർണ്ണമായി ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത രക്തജന്യ രോഗങ്ങൾക്ക് രക്തമൂലകോശദാനവും മജ്ജമാറ്റി വയ്ക്കലുമാണ് പ്രതിവിധിയെന്നതിനാൽ, സംസ്ഥാനത്ത് മൂലകോശദാതാക്കളുടെ ഒരു രജിസ്ട്രി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

(സി) പരിശോധിക്കാവുന്നതാണ്

സെക്ഷൻ ഓഫീസർ